# കേരളസർവകലാശാല

നം.പി.ആർ.186/2021

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ രണ്ടാം വർഷ എം.എ. അറബിക് (വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### വൈവ വോസി

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ അവസാനവർഷ ബി.എ. ഇംഗ്ലീഷ് ആന്വൽ (ഏപ്രിൽ 2021 സെഷൻ) പരീക്ഷയുടെ ഭാഗമായുള്ള വൈവ വോസി പരീക്ഷയ്ക്ക് തിരുവനന്തപുരം ജില്ലയിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ സെപ്റ്റംബർ 20, 22, 23, 24 തീയതികളിൽ കേരളസർവകലാശാല സെനറ്റ് ഹാളിലും കൊല്ലം, ആലപ്പുഴ ജില്ലകളിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ വൈവ വോസി പരീക്ഷയ്ക്ക് സെപ്റ്റംബർ 23, 24, 28, 29 തീയതികളിൽ കൊല്ലം എഫ്.എം.എൻ.കോളേജിലും ഹാജരാകേണ്ടതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### ടൈംടേബിൾ

കേരളസർവകലാശാലയുടെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ 2018 സ്കീമിലെ 2018 അഡ്മിഷൻ വിദ്യാർത്ഥികളുടെ ആറാം സെമസ്റ്റർ റെഗുലർ ബി.ടെക്. ഡിഗ്രി പരീക്ഷ സെപ്റ്റംബർ 23 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എൽ.ഐ.സി., അഞ്ചാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം./ബി.ബി.എ./ബി.സി.എ./ബി.വോക്./ബി.എസ്.ഡബ്ല്യൂ./ബി.എം.എസ്./ബി.പി.എ. കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡ്/ഹാൾടിക്കറ്റുമായി ഇ.ജെ.- III (മൂന്ന്) സെക്ഷനിൽ സെപ്റ്റംബർ 20 മുതൽ 28 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

### സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്

കേരളസർവകലാശാല അറബിവിഭാഗം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് ഒമ്പതാം ബാച്ചിലേക്ക് (ഓൺലൈൻ) അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ സെപ്റ്റംബർ 25 ന് മുൻപായി നിർദ്ദിഷ്ട അപേക്ഷാഫോമിൽ അപേക്ഷിക്കണം. യോഗ്യത: പ്ലസ്ടു (തത്തുല്യം), ഫീസ്: 6000/-, സീറ്റുകൾ:15. വിശദവിവരങ്ങൾ www.arabicku.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0471 2308846, 9562722485

തിരുവനന്തപുരം,
17.09.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**